എ.വൈ.ആർ


### സൂറഃ-9

# അത്തൗബ

وَمَا كَانَ ٱسْتِغْفَارُ إِبْرَٰهِيمَ لِأَبِيهِ إِلَّا عَن مَّوْعِدَةٍ وَعَدَهَآ إِيَّاهُ
فَلَمَّا تَبَيَّنَ لَهُۥٓ أَنَّهُۥ عَدُوٌّ لِّلَّهِ تَبَرَّأَ مِنْهُ ۚ إِنَّ إِبْرَٰهِيمَ لَأَوَّٰهٌ حَلِيمٌ ﴿١١٤﴾

وَمَا كَانَ ٱللَّهُ لِيُضِلَّ قَوْمًۢا بَعْدَ إِذْ هَدَىٰهُمْ حَتَّىٰ يُبَيِّنَ لَهُم
مَّا يَتَّقُونَ ۚ إِنَّ ٱللَّهَ بِكُلِّ شَىْءٍ عَلِيمٌ ﴿١١٥﴾

إِنَّ ٱللَّهَ لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يُحْىِۦ وَيُمِيتُ ۚ وَمَا لَكُم مِّن دُونِ ٱللَّهِ
مِن وَلِىٍّ وَلَا نَصِيرٍ ﴿١١٦﴾

لَّقَد تَّابَ ٱللَّهُ عَلَى ٱلنَّبِىِّ وَٱلْمُهَٰجِرِينَ وَٱلْأَنصَارِ ٱلَّذِينَ ٱتَّبَعُوهُ فِى سَاعَةِ
ٱلْعُسْرَةِ مِنۢ بَعْدِ مَا كَادَ يَزِيغُ قُلُوبُ فَرِيقٍ مِّنْهُمْ ثُمَّ تَابَ عَلَيْهِمْ ۚ إِنَّهُۥ
بِهِمْ رَءُوفٌ رَّحِيمٌ ﴿١١٧﴾

**114.** എന്നാൽ ഇബ്റാഹീം തന്റെ പിതാവിനു വേണ്ടി പാപമോചനം തേടിയതോ, അതദ്ദേഹം പിതാവിനോട് ചെയ്തിട്ടുണ്ടായിരുന്ന ഒരു പ്രതിജ്ഞ പാലിക്കാൻ മാത്രമായിരുന്നു. പക്ഷേ, പിതാവ് ദൈവത്തിന്റെ ശത്രുവാണെന്ന് വ്യക്തമായപ്പോൾ ഇബ്റാഹിം അയാളെ പരിത്യജിച്ചു. ഇബ്റാഹിം ഏറെ അലിവുള്ളവനും സഹനശീലനും തന്നെയായിരുന്നു.

**115.** ജനത്തെ സത്യമാർഗത്തിലേക്ക് നയിച്ച ശേഷം, അവർ സൂക്ഷിക്കേണ്ട കാര്യങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കി കൊടുക്കാതെ വഴിതെറ്റിക്കുക അല്ലാഹുവിന്റെ ചര്യയല്ല. അല്ലാഹു തീർച്ചയായും സകല സംഗതികളിലും സൂക്ഷ്മജ്ഞനാകുന്നു.

**116.** അല്ലാഹുവിനു മാത്രമാകുന്നു ആകാശഭൂമികളുടെ ആധിപത്യം. അവനാകുന്നു ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും. അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് രക്ഷകനായി ആരുമില്ല, സഹായിയുമില്ല.

**117.** പ്രവാചകന്നും, പ്രതിസന്ധിഘട്ടത്തിൽ അദ്ദേഹത്തെ പിന്തുണച്ച മുഹാജിറുകൾക്കും അൻസാറുകൾക്കും അല്ലാഹു പൊറുത്തുകൊടുത്തിരിക്കുന്നു; അവരിൽ ചിലരുടെ മനസ്സ് വക്രിച്ചുപോകാറായിരുന്നെങ്കിലും ആ വക്രതയിൽ മുന്നോട്ടുപോകാതെ പ്രവാചകനോടൊപ്പം തന്നെ നിന്നതിനാൽ പിന്നീട് അല്ലാഹു അവർക്ക് മാപ്പരുളി. തീർച്ചയായും അവൻ അവരോട് അളവറ്റ കൃപയും കാരുണ്യവുമുള്ളവനാകുന്നു.

وَمَا كَانَ= ആയിരുന്നില്ല ٱسْتِغْفَارُ إِبْرَٰهِيمَ= ഇബ്റാഹീമിന്റെ പാപമോചന പ്രാർഥന(ഇബ്റാഹീം പാപമോചനം തേടിയതോ)
لِأَبِيهِ= തന്റെ പിതാവിനുവേണ്ടി إِلَّا عَن مَّوْعِدَةٍ= ഒരു വാഗ്ദാനത്താൽ അല്ലാതെ (പ്രതിജ്ഞപാലിക്കൽ മാത്രമായിരുന്നു)
وَعَدَهَآ إِيَّاهُ= ചെയ്ത വാഗ്ദാനം (പിതാവിനോട് ചെയ്തിട്ടുണ്ടായിരുന്ന പ്രതിജ്ഞ) (അത്) അദ്ദേഹം അയാളോട്
فَلَمَّا تَبَيَّنَ= (പക്ഷേ) വ്യക്തമായപ്പോൾ لَهُۥٓ= അദ്ദേഹത്തിന് أَنَّهُۥ= എന്തെന്നാൽ അയാൾ(പിതാവ്)
عَدُوٌّ لِّلَّهِ= അല്ലാഹുവിന്റെ ശത്രുവാണ്(എന്ന്) تَبَرَّأَ مِنْهُ= അയാളിൽനിന്ന് അദ്ദേഹം മുക്തനായി (ഇബ്റാഹീം അയാളെ പരിത്യജിച്ചു)

إِنَّ إِبْرَٰهِيمَ = നിശ്ചയം ഇബ്റാഹീം لَأَوَّٰهٌ = ഏറെ അലിവുള്ളവൻ തന്നെയായിരുന്നു حَلِيمٌ = സഹനശീല(നും)നായ

وَمَا كَانَ ٱللَّهُ = അല്ലാഹുവിന് ചേർന്നതല്ല (അല്ലാഹുവിന്റെ ചര്യയല്ല) لِيُضِلَّ = വഴിതെറ്റിക്കുക قَوْمًۢا = ജനത്തെ

بَعْدَ إِذْ هَدَىٰهُمْ = അവരെ മാർഗദർശനം ചെയ്ത ശേഷം (സത്യമാർഗത്തിലേക്ക് നയിച്ച ശേഷം)

حَتَّىٰ يُبَيِّنَ لَهُم = അവർക്ക് വ്യക്തമാക്കിക്കൊടു(ക്കാതെ)ക്കുന്നതുവരെ

مَّا يَتَّقُونَ = അവർ സൂക്ഷിക്കേണ്ട, വർജിക്കേണ്ട (കാര്യങ്ങൾ എന്തൊക്കെയെന്ന്) إِنَّ ٱللَّهَ = തീർച്ചയായും അല്ലാഹു

بِكُلِّ شَىْءٍ = സകല സംഗതികളിലും عَلِيمٌ = സൂക്ഷ്മജ്ഞൻ ആകുന്നു

إِنَّ ٱللَّهَ = നിശ്ചയം അല്ലാഹു لَهُۥ = അവന് (മാത്രമാകുന്നു)

مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ = ആകാശഭൂമികളുടെ ആധിപത്യം, ഉടമസ്ഥാധികാരം

يُحْىِۦ = (തന്നെയാകുന്നു) ജീവിപ്പിക്കുന്നു (ന്നതും) وَيُمِيتُ = മരിപ്പിക്കുന്നു(ന്നതും) وَمَا لَكُم = നിങ്ങൾക്ക് ഇല്ല

مِّن دُونِ ٱللَّهِ = അല്ലാഹുവിനെ കൂടാതെ مِن وَلِىٍّ = രക്ഷകനാൽ (രക്ഷകനായി ആരും) وَلَا نَصِيرٍ = സഹായിയുമില്ല

لَّقَد تَّابَ ٱللَّهُ = അല്ലാഹു പശ്ചാത്താപം സ്വീകരിച്ചു, മടങ്ങി, പൊറുത്തുകൊടുത്തിരിക്കുന്നു عَلَى ٱلنَّبِىِّ = പ്രവാചകന്

وَٱلْمُهَٰجِرِينَ = മുഹാജിറുകൾക്കും وَٱلْأَنصَارِ = അൻസ്വാറുകൾക്കും

ٱلَّذِينَ ٱتَّبَعُوهُ = അദ്ദേഹത്തെ പിന്തുടർന്ന, പിന്തുണച്ച

فِى سَاعَةِ ٱلْعُسْرَةِ = ക്ലേശത്തിന്റെ സമയത്ത് (പ്രതിസന്ധി ഘട്ടത്തിൽ)

مِنۢ بَعْدِ مَا كَادَ يَزِيغُ = വക്രിക്കാനടുത്തശേഷം (വക്രിച്ചു പോകാറായിരുന്നുവെങ്കിലും)

قُلُوبُ فَرِيقٍ = ഒരു വിഭാഗത്തിന്റെ (ചിലരുടെ) മനസ്സുകൾ مِّنْهُمْ = അവരിൽ

ثُمَّ تَابَ عَلَيْهِمْ = പിന്നീട് അവൻ അവരുടെ മേൽ മടങ്ങി, പശ്ചാത്താപം സ്വീകരിച്ചു, പൊറുത്തു കൊടുത്തു

إِنَّهُۥ بِهِمْ = തീർച്ചയായും അവൻ അവരോട് رَءُوفٌ = അളവറ്റ കൃപയുള്ളവനാകുന്നു رَّحِيمٌ = അളവറ്റ കാരുണ്യമുള്ളവനാകുന്നു

**114:** ഇവിടെ ഒരു സന്ദേഹം ഉയർന്നുവരാം. ഇബ്റാഹീം നബിയുടെ പിതാവ് ബഹുദൈവാരാധകനായിരുന്നു. എന്നിട്ടും ഇബ്റാഹീം(അ) അദ്ദേഹത്തിന്റെ പാപമോചനത്തിനായി പ്രാർഥിച്ചതായി ഖുർആൻ പറയുന്നുണ്ടല്ലോ, وَٱغْفِرْ لِأَبِىٓ إِنَّهُۥ كَانَ مِنَ ٱلضَّآلِّينَ (എന്റെ പിതാവിന് പാപമോചനം നൽകേണമേ, അദ്ദേഹം സന്മാർഗത്തിൽനിന്ന് പിഴച്ചു പോയിരിക്കുന്നു). ബഹുദൈവാരാധകർക്കുവേണ്ടി പ്രാർഥിക്കാൻ പാടില്ലെങ്കിൽ ഇബ്റാഹീം(അ) ഇങ്ങനെ ചെയ്തതെന്തുകൊണ്ടാണ്? ഈ സന്ദേഹത്തിനുള്ള വിശദീകരണമാണ് ഈ സൂക്തം നൽകുന്നത്. ഒന്നാമതായി, ഇബ്റാഹീം(അ) ഏകദൈവത്വത്തിന്റെ എല്ലാ ന്യായങ്ങളും സ്വപിതാവിനെ ബോധിപ്പിച്ചിട്ടും സ്വീകരിക്കാൻ വിസമ്മതിച്ചപ്പോൾ അദ്ദേഹം പിതാവിന് ഒരു വാക്കുകൊടുത്തു. ഖുർആൻ അത് ഉദ്ധരിക്കുന്നു: قَالَ سَلَٰمٌ عَلَيْكَ سَأَسْتَغْفِرُ لَكَ رَبِّىٓ إِنَّهُۥ كَانَ بِى حَفِيًّا (അദ്ദേഹം പറഞ്ഞു: അങ്ങേക്ക് സമാധാനം ഭവിക്കട്ടെ. ഞാനങ്ങയുടെ പാപമോചനത്തിനുവേണ്ടി എന്റെ നാഥനോട് പ്രാർഥിക്കുന്നതാണ്. അവൻ എന്നോട് വളരെ കരുണയുള്ളവനാണല്ലോ–19:47). ഈ വാഗ്ദാനം പാലിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം പിതാവിനുവേണ്ടി പ്രാർഥിച്ചത്. വാഗ്ദത്ത പാലനത്തിന്റെ പ്രാധാന്യവും ഇവിടെ വ്യക്തമാക്കപ്പെടുന്നുണ്ട്. ഒരു സാധാരണ മനുഷ്യൻ പോലും വാക്കുകൊടുത്താൽ പാലിക്കാൻ പരമാവധി ശ്രമിക്കേണ്ടതുണ്ട്. കൂടുതൽ ഗൗരവമുള്ളതാണല്ലോ പ്രവാചകന്റെ വാഗ്ദാനം. അദ്ദേഹം ഒരു കാരണവശാലും വാക്ക് ലംഘിക്കുന്നവനായിക്കൂടാ. ഈ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പിതാവിനുവേണ്ടി പ്രാർഥിക്കേണ്ടത് അനിവാര്യമായിത്തീർന്നു. രണ്ടാമതായി, അദ്ദേഹം ഇങ്ങനെ വാഗ്ദാനം ചെയ്യുന്ന കാലത്ത് ബഹുദൈവവിശ്വാസികൾക്കുവേണ്ടി പ്രാർഥിക്കാൻ പാടില്ല എന്ന് അനുശാസിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട് അന്ന് അദ്ദേഹത്തിൽനിന്നുണ്ടായത് ഒരു ധർമലംഘനമായിരുന്നില്ല. മൂന്നാമതായി, പിതാവുമായി തെറ്റിപ്പിരിയുമ്പോഴും പിതാവിന്റെ കാര്യത്തിൽ ഇബ്റാഹീം(അ) പൂർണമായി നിരാശനായിരുന്നില്ല. മരിക്കുന്നതിനുമുമ്പ് എപ്പോഴെങ്കിലും പിതാവ് സത്യത്തിലേക്ക് തിരിച്ചുവരുമെന്ന നേരിയ പ്രതീക്ഷ അദ്ദേഹത്തിലവശേഷിച്ചിരുന്നു. പിന്നീട് പ്രതീക്ഷയുടെ അവസാനത്തെ കണികയും വറ്റിയപ്പോൾ അദ്ദേഹം സ്വപിതാവിൽനിന്നും ജനത്തിൽനിന്നും പൂർണമായ ബന്ധമുക്തി പ്രഖ്യാപിക്കുകയായിരുന്നു. സൂറ *അസ്സുഖ്റുഫ്* 26-ാം സൂക്തം അതിങ്ങനെ ഉദ്ധരിക്കുന്നുണ്ട്: وَإِذْ قَالَ إِبْرَٰهِيمُ لِأَبِيهِ وَقَوْمِهِۦٓ إِنَّنِى بَرَآءٌ مِّمَّا تَعْبُدُونَ (ഇബ്റാഹീം സ്വപിതാവിനോടും ജനത്തോടും പ്രഖ്യാപിച്ചത് ഓർക്കുക; നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്ന മൂർത്തികളിൽ ഞാൻ വിരക്തനാകുന്നു). 'എന്നെ സൃഷ്ടിച്ചവനോടു മാത്രമേ എനിക്കു കൂറുള്ളൂ. തീർച്ചയായും എന്നെ അവൻ മാർഗദർശനം ചെയ്യും'-എന്നാണദ്ദേഹം തുടർന്ന് പറയുന്നത്. ഇതിന്റെ മറ്റൊരു ഭാഷ്യമാണ് فَلَمَّا تَبَيَّنَ لَهُۥٓ أَنَّهُۥ عَدُوٌّ لِّلَّهِ تَبَرَّأَ مِنْهُ (പിതാവ് ദൈവത്തിന്റെ ശത്രുവാണെന്ന് വ്യക്തമായപ്പോൾ ഇബ്റാഹീം അയാളെ പരിത്യജിച്ചു) എന്ന വാക്യം. അതായത്, ഇബ്റാഹീം(അ) വിഗ്രഹാരാധകനായ പിതാവിനുവേണ്ടി പ്രാർഥിച്ചത് അയാൾ അല്ലാഹുവിന്റെ ശത്രുവാണെന്ന് വ്യക്തമാകുന്നതിനു മുമ്പായിരുന്നു. ഈ കാരണങ്ങളാൽ ഇബ്റാഹിം(അ) പിതാവിനു വേണ്ടി പ്രാർഥിച്ചത് മുഹമ്മദ് നബിക്കോ അദ്ദേഹത്തിന്റെ സമുദായത്തിനോ അപ്രകാരം ചെയ്യാൻ പ്രമാണമാകുന്നില്ല.

ഇബ്റാഹീം ഏറെ അലിവുള്ളവനും സഹനശീലനുമായിരുന്നു -إِنَّ إِبْرَٰهِيمَ لَأَوَّٰهٌ حَلِيمٌ- എന്ന വാക്യത്തിന്റെ താൽപര്യം, ഇബ്റാഹീം തന്റെ പിതാവിനോട് ഏറെ സ്നേഹകാരുണ്യങ്ങളുള്ളവനും പിതാവിന്റെ പീഡനങ്ങൾ ക്ഷമയോടെ സഹിക്കുന്നവ

നുമായിരുന്നിട്ടും പിതാവ് അല്ലാഹുവിന്റെ ശത്രുവാണെന്നു ബോധ്യമായപ്പോൾ യാതൊരു ചാഞ്ചല്യവുമില്ലാതെ അയാളെ പരിത്യജിച്ചു എന്നാണ്. മറ്റൊരാളോടുള്ള സ്നേഹകാരുണ്യങ്ങളുടെ ആധിക്യത്താൽ അയാൾക്ക് ആപത്തണഞ്ഞേക്കുമോ എന്ന് വേപഥുകൊള്ളുന്നവനാണ് أوّاه.

**115:** മനുഷ്യരോടുള്ള അല്ലാഹുവിന്റെ സമീപനത്തിന്റെ പൊതുസ്വഭാവം ഓർമിപ്പിക്കുകയാണിവിടെ. ധർമവിരോധികളായ വിഗ്രഹാരാധകർക്കു വേണ്ടി പ്രാർഥിക്കരുത് എന്ന് കൽപിക്കുന്നത്, അവരൊക്കെ വഴിതെറ്റി നരകാവകാശികളായിത്തീരണമെന്ന് അല്ലാഹു താൽപര്യപ്പെടുന്നതുകൊണ്ടല്ല. സത്യവും ധർമവും എന്താണെന്ന് വ്യക്തമായി ആവർത്തിച്ചു വിശദീകരിച്ചുകൊടുത്തിട്ടും അത് സ്വീകരിക്കാൻ തയാറാവാത്തവരെ അവർ സ്വയം തെരഞ്ഞെടുത്ത മാർഗത്തിലേക്ക് വിട്ടയക്കുക മാത്രമാണവൻ ചെയ്യുന്നത്. അവർ ദുഷ്ടതകളും അധർമങ്ങളുമനുവർത്തിക്കുന്നത് അറിവില്ലാത്തതുകൊണ്ടല്ല; തങ്ങൾ തള്ളേണ്ടതും കൊള്ളേണ്ടതും എന്തൊക്കെയാണെന്ന് വിശദമായി മനസ്സിലാക്കിയ ശേഷമാണ്. അവരുടെ ഉള്ളിലിരുപ്പെന്താണെന്ന്, രഹസ്യവും പരസ്യവും അകവും പുറവുമെല്ലാം അറിയുന്ന അല്ലാഹുവിന് സൂക്ഷ്മമായി അറിയാം.

സൂക്തത്തിലെ بَعْدَ إِذْ هَدَىٰهُمْ എന്ന വാക്യം മുസ്‌ലിംകളോടുള്ള ഒരു മുന്നറിയിപ്പിനെയും വ്യഞ്ജിപ്പിക്കുന്നതായി പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അല്ലാഹു നിങ്ങളെ സന്മാർഗത്തിലേക്ക് നയിക്കുമ്പോൾ, ആ മാർഗത്തിൽ സഞ്ചരിക്കുന്നവർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെയും പ്രയാസങ്ങളെയും കുറിച്ചും അവ വിജയകരമായി തരണം ചെയ്യാൻ കൈക്കൊള്ളേണ്ട ജാഗ്രതയെക്കുറിച്ചും തള്ളുകയും കൊള്ളുകയും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും എല്ലാം വ്യക്തമായി പറഞ്ഞുതരികയാണ് അല്ലാഹുവിന്റെ രീതി. ആളുകളെ സത്യത്തിന്റെയും ധർമത്തിന്റെയും തത്ത്വങ്ങളിലേക്ക് ക്ഷണിച്ചിട്ട് ആ തത്ത്വങ്ങളനുസരിച്ചുള്ള ജീവിതക്രമം വിശദീകരിച്ചുകൊടുക്കാതെ ഇരുട്ടിൽ തപ്പാൻ വിടുക അല്ലാഹുവിന്റെ നടപടിക്രമമല്ല. ഈ അടിസ്ഥാനത്തിലാണ് വിശ്വാസികൾ അല്ലാഹുവിന്റെ ശത്രുക്കളോട് സ്വീകരിക്കേണ്ട സമീപനം വിശദീകരിക്കുന്നത്. ഇനി അതനുസരിച്ചു ചരിക്കുക വിശ്വാസികളുടെ ബാധ്യതയാകുന്നു. ഇല്ലെങ്കിൽ നിങ്ങൾ സ്വയം വഴിതെറ്റിപ്പോകും. ബഹുദൈവാരാധകർക്കു വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കരുത് എന്ന വിലക്കിനുള്ള ദൃഢീകരണമായും ഇതിനെ കാണാവുന്നതാണ്. സത്യത്തിന്റെ ശത്രുവാണെന്ന് വ്യക്തമായി കഴിഞ്ഞവരോട് വിശ്വാസിക്കുണ്ടാകുന്ന അനുഭാവം ഒരു പരീക്ഷണമാണ്. ഈ അനുഭാവം വളർന്ന് വളർന്ന് ക്രമേണ സ്വന്തം ആദർശ വിശ്വാസങ്ങൾ മങ്ങിപ്പോവുകയും കുടുംബപരവും വംശീയവുമായ ബന്ധങ്ങൾ മാത്രം ഉജ്ജ്വലമാവുകയും ചെയ്യുന്നു. വംശീയ താൽപര്യങ്ങൾ ആദർശ താൽപര്യങ്ങളേക്കാൾ പ്രാമുഖ്യം നേടുന്നു. ദേശീയതക്കും പൈതൃകാചാരങ്ങൾക്കും സത്യധർമാദികളേക്കാൾ സമൂഹ മനസ്സിൽ പ്രാധാന്യം ലഭിക്കുന്നതങ്ങനെയാണ്.

**116:** പ്രപഞ്ചത്തിന്റെ ആത്യന്തികമായ ഉടമസ്ഥനും അധിപനുമായ അല്ലാഹുവിനെ മാത്രം അംഗീകരിക്കുകയാണ് സത്യവിശ്വാസത്തിന്റെ കാതൽ. പ്രപഞ്ചത്തിൽ ഏതൊന്നിനെയും ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും അഥവാ സൃഷ്ടിക്കുന്നതും സംഹരിക്കുന്നതും, ഉണ്ടാക്കുന്നതും ഇല്ലാതാക്കുന്നതും അവനല്ലാതെ മറ്റാരുമല്ല. അതിനാൽ നിങ്ങളെ ആപത്തുകളിൽനിന്ന് രക്ഷിക്കാനും ആഗ്രഹസാഫല്യങ്ങൾക്കായി സഹായിക്കാനും യഥാർഥത്തിൽ അല്ലാഹുവിനു മാത്രമേ കഴിയൂ. നിങ്ങൾ ഉറ്റവരും ഉടയവരുമായി കരുതുന്ന സ്വന്തക്കാർക്കോ ബന്ധുക്കൾക്കോ നേതാക്കൾക്കോ ആചാര്യന്മാർക്കോ ഒന്നും അതിനു കഴിയില്ല. അവരിൽനിന്ന് ഈ ലോകത്ത് വല്ല രക്ഷയും സഹായവും ലഭിക്കുന്നുവെങ്കിൽ അതും അല്ലാഹുവിന്റെ നിശ്ചയ പ്രകാരമാണ്; അഥവാ അല്ലാഹുവിങ്കൽനിന്നുതന്നെ ലഭിക്കുന്നതാണ്. അവനെ മറികടന്ന് ആരും ആർക്കും യാതൊരു ഉപകാരവും ഉപദ്രവവും ചെയ്യുന്നില്ല. അല്ലാഹുവിന്റെ ശത്രുക്കളെ ഉറ്റവരായി കരുതി അവരിൽനിന്ന് സഹായം പ്രതീക്ഷിക്കുന്നതും അല്ലാഹുവിനോട് പ്രാർഥിച്ച് അവരെ രക്ഷിക്കാൻ ശ്രമിക്കുന്നതും, അല്ലാഹുവാകുന്നു അഖിലാണ്ഡത്തിന്റെ സർവാധിപതിയും രക്ഷകനും സഹായിയും എന്ന ഏകദൈവാദർശവുമായി പൊരുത്തപ്പെടുന്നതല്ല.

**117:** توبة-യുടെ ക്രിയാ പദങ്ങളാണ് تاب-يتوب. മടക്കം എന്നാണ് توبة-യുടെ ഭാഷാർഥം. അല്ലാഹുവിങ്കലേക്കുള്ള മടക്കം, ചെയ്തുപോയ പാപങ്ങളിൽ പശ്ചാത്തപിച്ച് അവങ്കൽനിന്ന് പാപമോചനവും രക്ഷയും നേടുക എന്നാണ് സാങ്കേതികതമായ അർഥം. ഈ പദം على എന്ന ശബ്ദവുമായി ചേരുമ്പോൾ പശ്ചാത്താപം കൈക്കൊള്ളുക, കരുണ ചെയ്യുക, പൊറുത്തുകൊടുക്കുക എന്നൊക്കെ അർഥമാകുന്നു. കുഫ്റ്, ശിർക്, നിഫാഖ് (സത്യനിഷേധം, ബഹുദൈവത്വം, കാപട്യം) എന്നിവയുടെ ദോഷങ്ങളെക്കുറിച്ച് താക്കീതു ചെയ്തശേഷം അതിൽനിന്നെല്ലാം മുക്തരായ യഥാർഥ വിശ്വാസികൾക്ക് ദൈവകാരുണ്യത്തിന്റെ സുവിശേഷം നൽകുകയാണ് ഈ സൂക്തം. ദൈവകാരുണ്യത്തിന് അർഹരാകുന്ന യഥാർഥ വിശ്വാസികൾ ആരാണെന്ന് വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു.

യഥാർഥ വിശ്വാസികൾ ഒരിക്കലും ഒരു വീഴ്ചയും സംഭവിച്ചുകൂടാത്തവരല്ല. തെറ്റുകുറ്റങ്ങൾ അവരിലുമുണ്ടാവാം. പക്ഷേ, വീഴ്ചകൾ സംഭവിക്കുമ്പോൾ അടിയുറച്ച സത്യവിശ്വാസം അവരെ അതേക്കുറിച്ച് ബോധവാന്മാരാക്കുന്നു. അങ്ങനെ അവരതിൽ പശ്ചാത്തപിക്കുന്നു. ആ പശ്ചാത്താപം സ്വീകരിച്ച് അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുന്നു. പ്രവാചകൻ തബൂക്ക് യാത്രക്ക് ആഹ്വാനം ചെയ്തപ്പോൾ, ഈ കൊടുംചൂടിൽ ഇത്ര ദീർഘവും ദുർഘടവുമായ ഒരു സമരയാത്ര-അതും വേണ്ടത്ര പാഥേയമില്ലാതെ- ആപത്കരമായ അതിസാഹസമാണെന്ന് കപടന്മാർ പ്രചാരവേല നടത്തിയപ്പോൾ വിശ്വാസികളിൽ ചിലർ ആദ്യഘട്ടത്തിൽ പതറിപ്പോയിരുന്നു. അവരുടെ ഭാഗത്തുനിന്നുണ്ടായ ഒരു വീഴ്ചതന്നെയായിരുന്നു അത്. പിന്നീട് സ്വയം ബോധവാന്മാരായി പ്രവാചകനെ പിന്തുടരാൻ തയാറായപ്പോൾ ആ വീഴ്ച പൊറുക്കപ്പെട്ടു. ഈ പതറിച്ചയെയും അതിൽനിന്നുള്ള സ്വയം വീണ്ടെടുപ്പിനെയുമാണ് مِنۢ بَعْدِ مَا كَادَ يَزِيغُ قُلُوبُ فَرِيقٍ مِّنْهُمْ ثُمَّ تَابَ عَلَيْهِمْ എന്ന വാക്യം സൂചിപ്പിക്കുന്നത്. വളയുക, ചരിയുക, വ്യതിചലിക്കുക എന്നൊക്കെയാണ് زاغ-യുടെ അർഥം. അതിന്റെ വർത്തമാന രൂപമാണ് يزيغ. വ്യതിചലിക്കാറായി, വക്രിക്കാറായി അഥവാ പതറിപ്പോയി എന്നുമാണ് كَادَ يَزِيغُ യുടെ താൽപര്യം. പിന്നെ അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചു. ഈ സ്വീകരണം വലിയൊരു അനുഗ്രഹമാണ്. സ്വയംബോധവാന്മാരായി തിരുത്താൻ സന്നദ്ധരായിരുന്നില്ലെങ്കിൽ, ആ സന്നദ്ധതയെ അല്ലാഹു കൈക്കൊണ്ടിരുന്നില്ലെങ്കിൽ വ്യതിചലിച്ച മാർഗത്തിലൂടെ തന്നെ അവർ മുന്നോട്ടുപോകുമായിരുന്നു. പക്ഷേ വിശ്വാസികളോട് അളവറ്റ കൃപയും കാരുണ്യവുമുള്ളവനായ അല്ലാഹു അവരെ അങ്ങനെ നരകത്തിന്റെ വഴിക്കു വിട്ടയക്കുകയില്ല. 115-ാം സൂക്തത്തിൽ സൂ

ചിപ്പിച്ചതുപോലെ, സന്മാർഗം സ്വീകരിച്ചവരെ ആ മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാതെ ചരിക്കാനാവശ്യമായ ജ്ഞാനം പ്രദാനം ചെയ്യുക അവന്റെ നടപടിക്രമത്തിന്റെ ഭാഗമാണ്.

ഇവിടെ പാപമോചനമരുളപ്പെട്ടവരിൽ ഒന്നാമതായി പറഞ്ഞിരിക്കുന്നത് പ്രവാചകനെയാണ്. വീഴ്ച സംഭവിച്ചവരിൽ ഒന്നാമൻ പ്രവാചകനാണ് എന്നോ ത്വബൂക്ക് സംഭവത്തിൽ പതറിച്ചയുണ്ടായവരിൽ പ്രവാചകനും ഉൾപ്പെടുന്നു എന്നോ അതിനർഥമില്ല. അല്ലാഹുവിന്റെ കരുണാകടാക്ഷത്താലും അവങ്കൽനിന്നുള്ള പാപമുക്തിയാലും അനുഗൃഹീതമായ വിശ്വാസിസമൂഹത്തിന്റെ നായകനും മാർഗദർശകനും എന്ന നിലയിലാണ് പ്രവാചകനെ ഒന്നാമതായി പരാമർശിച്ചത്. പാപികളിൽ പ്രഥമനല്ല, പാപമുക്തരായ അനുഗൃഹീതരിൽ പ്രഥമനാണ് പ്രവാചകൻ. മാനുഷികമായ പിശകുകൾ അദ്ദേഹത്തിനും സംഭവിക്കാം. ഈ സൂറയിൽ തന്നെ, കപടന്മാർക്ക് ത്വബൂക്ക് യാത്രയിൽനിന്ന് പിന്മാറാൻ അനുമതി നൽകിയത് ഒരു പിശകായിരുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് ഇങ്ങനെ പറയുന്നുണ്ടല്ലോ. عَفَا ٱللَّهُ عَنكَ لِمَ أَذِنتَ لَهُمْ (അല്ലാഹു നിനക്ക് മാപ്പു തന്നിരിക്കുന്നു; നീ എന്തിനവർക്കനുമതി കൊടുത്തു?- *അത്തൗബ* 43).

രണ്ടും മൂന്നും സ്ഥാനങ്ങളിൽ പരാമർശിച്ചിരിക്കുന്നത് മുഹാജിറുകളും അൻസ്വാറുകളുമാണ്. നാലാം സ്ഥാനത്ത് പ്രവാചകനെ പിന്തുടർന്നവരും. ഈ സന്ദർഭത്തിൽ 'പ്രതിസന്ധിഘട്ടം' എന്ന വാക്ക് സൂചിപ്പിക്കുന്നത് ത്വബൂക്ക് യാത്ര തന്നെയാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ അത്യുഷ്ണകാലത്ത് നടത്തിയ ദീർഘവും ദുർഘടവുമായ പ്രയാണമായിരുന്നു അത്. ആവശ്യമായ പാഥേയങ്ങൾ ഉണ്ടായിരുന്നതുമില്ല.

ഈ യാത്രയുടെ ക്ലേശത്തെക്കുറിച്ച് ഉമർ(റ) പ്രസ്താവിച്ചതായി ഇബ്നു ജരീറും ഇബ്നു ഖുസൈമയും ഉദ്ധരിക്കുന്നു: "കൊടുംചൂടിലാണ് ഞങ്ങൾ റസൂലിനോടൊപ്പം ത്വബൂക്കിലേക്ക് പുറപ്പെട്ടത്. ഒരു താവളത്തിലെത്തിയപ്പോൾ ഞങ്ങളുടെ കഴുത്തൊടിഞ്ഞുപോകുമെന്ന് തോന്നുമാറ് ദാഹിക്കുന്നുണ്ടായിരുന്നു. അങ്ങനെ ഒട്ടകമുള്ളവർ അതിനെ അറുത്ത് കുടൽ പിഴിഞ്ഞു കുടിച്ചു. ബാക്കി വെള്ളം അതിന്റെ ഉദരത്തിൽ തന്നെ സൂക്ഷിച്ചു...." ഈ യാത്രയിൽ ഭക്ഷണ ക്ഷാമം മൂലം ഒരു കാരക്ക കീറി രണ്ടു പേർ തിന്നതായും ഒരേ കാരക്ക ഓരോരുത്തർ വായിലിട്ട് ഈമ്പിയ ശേഷം അടുത്തയാൾക്കും അയാൾ അതിനടുത്തയാൾക്കും കൈമാറിയിരുന്നതായും ഖതാദ പ്രസ്താവിച്ചതായി ഇബ്നുൽ മുൻദിർ ഉദ്ധരിക്കുന്നുണ്ട്. ത്വബൂക്ക് യാത്രയിൽ രണ്ടും മൂന്നും പേരാണ് ഒരൊട്ടകത്തിന്മേൽ സഞ്ചരിച്ചിരുന്നതെന്നും, വഴിയിൽ ദാഹം ദുസ്സഹമായപ്പോൾ ആ ഒട്ടകത്തെതന്നെ അറുത്ത് അതിന്റെ ഉള്ളിലുള്ള ദ്രാവകം കുടിക്കാൻ അവർ നിർബന്ധിതരായെന്നും മുഹമ്മദ് ബിൻ അബ്ദുല്ലാ പറഞ്ഞതായി ബൈഹഖി നിവേദനം ചെയ്തിരിക്കുന്നു. ആ യാത്ര എന്തു മാത്രം ക്ലേശകരമായിരുന്നുവെന്ന് ഊഹിക്കാൻ ഈ നിവേദനങ്ങൾതന്നെ ധാരാളമാകുന്നു. ഇതാണ് سَاعَةِ ٱلْعُسْرَةِ -പ്രതിസന്ധിഘട്ടം.

ഈ സൂറയിൽ നേരത്തേ വന്ന നൂറാം സൂക്തം പോലെ ഈ സൂക്തവും ഇസ്‌ലാമിക സമൂഹത്തിൽ നിലവാര വ്യത്യാസത്തിന്റെ മാനദണ്ഡം വ്യക്തമാക്കുന്നു. ഒരർഥത്തിൽ നൂറാം സൂക്തത്തിന്റെ മറ്റൊരു ഭാഷ്യം തന്നെയാണിത്. വിശ്വാസികളുടെ നിലവാരം വ്യത്യാസപ്പെടുന്നതെങ്ങനെയെന്നും അവർക്ക് മഹത്വത്തിന്റെയും വിശുദ്ധിയുടെയും ഉന്നത വിതാനങ്ങളിലേക്കുയരാൻ കഴിയുന്നതെങ്ങനെയെന്നും *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ ചർച്ച ചെയ്തിട്ടുണ്ട്. അതിൽ وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَٰنٍ (അവരെ -മുഹാജിറുകളെയും അൻസ്വാറുകളെയും- ഭംഗിയായി പിന്തുടർന്നവർ) എന്നു പറഞ്ഞതിനു പകരം ഇവിടെ ٱلَّذِينَ ٱتَّبَعُوهُ فِى سَاعَةِ ٱلْعُسْرَةِ (പ്രതിസന്ധിഘട്ടത്തിൽ പ്രവാചകനെ പിന്തുണച്ചവർ) എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് മുഹാജിറുകളുടെയും അൻസ്വാറുകളുടെയും വിശേഷണമാണ്. പ്രവാചക സന്നിധിയിലേക്കുള്ള ഹിജ്റയും മുഹാജിറുകൾക്കഭയം നൽകലും പ്രവാചകന്റെ കാലത്തു മാത്രം പ്രസക്തമായ കാര്യങ്ങളായിരുന്നു. 'പ്രതിസന്ധി ഘട്ടത്തിൽ പ്രവാചകനെ പിന്തുണക്കുക' എന്ന വിശേഷണത്തിന് അവർക്ക് ശേഷമുള്ള മുസ്‌ലിംകളിലും പ്രസക്തിയുണ്ട്. പ്രവാചകനെ പിന്തുണക്കുകയെന്നാൽ പ്രവാചകൻ പ്രബോധനം ചെയ്ത ആദർശത്തെ പിന്തുണക്കുകയാണ്. പ്രവാചക സന്ദേശം ഉയർത്തിപ്പിടിക്കുന്നവർ എക്കാലത്തും അതികഠിനമായ സാഹചര്യങ്ങളെ നേരിട്ടുകൊണ്ടിരിക്കും. അത്തരം സാഹചര്യങ്ങളിൽ ആദർശത്തിലുറച്ചുനിന്ന് പ്രതിലോമശക്തികളെ നേരിടുന്നുവോ ഇല്ലയോ എന്നതാണ് അവർ നേരിടുന്ന പ്രതിസന്ധി. വിശ്വാസികളുടെ പ്രതിസന്ധിയുടെ കൊടൂരതയനുസരിച്ച് അവർ മുഹാജിറുകളുടെയും അൻസ്വാറുകളുടെയും ഉന്നത വിതാനങ്ങളിലേക്കുയരുന്നു. അതാണ് വിശ്വാസപരമായ ഔന്നത്യത്തിന്റെയും മഹത്വത്തിന്റെയും പടികൾ. ഇതല്ലാതെ തറവാടിത്തമോ വംശമാഹാത്മ്യമോ ധനസമൃദ്ധിയോ അധികാരമോ സ്ഥാനമാനങ്ങളോ അല്ലാഹുവിന്റെ സാമീപ്യത്തിലേക്കും സ്വർഗത്തിലേക്കും ഉയരാനുള്ള പടികളാകുന്നില്ല. സൂറ *ഹുജുറാത്തിൽ* ഇക്കാര്യം ഇങ്ങനെ അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്: إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ (നിങ്ങളിലേറ്റം ദൈവഭക്തിയുള്ളവനത്രെ അല്ലാഹുവിങ്കൽ ഏറെ വിശിഷ്ടൻ). ■